## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – വിവിധ സർക്കാർ കോളേജുകളിലെ കൊമേഴ്സ് വിഭാഗം അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റം 2018- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി4/9744/2018/കോ.വി.വ തീയതി : 26.05.2018

---

പരാമർശം :- 1) 04.05.2018 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ പൊതു സ്ഥലം മാറ്റം 2018 ഉത്തരവ്

2) 11.05.2018 തീയതിയിലെ പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ് കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പ്രമോദ്.എയുടെ അപേക്ഷ

### ഉത്തരവ്

പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പ്രമോദ്.എ മേൽ സൂചന (1) ഉത്തരവു പ്രകാരം തൃത്താല ഗവണ്മെന്റ് കോളേജിൽ ശ്രീ.എ.ശിവകുമാർ-ക്കു പകരം സ്ഥലം മാറ്റി നിയമിച്ചിരുന്നു. ടിയാൻ മേൽ സൂചന (2) പ്രകാരം പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റം പരിഗണിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ, പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലെ കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പ്രമോദ്.എ-യെ അപേക്ഷ പരിഗണിച്ച് പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിലേയ്ക്ക് ശ്രീമതി.അമല.എ.കെ സ്ഥലം മാറ്റപ്പെട്ട ഒഴിവിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു. ഇപ്രകാരം മേൽ സൂചന (1) ഉത്തരവിലെ തൃത്താല ഗവണ്മെന്റ് കോളേജിൽ ശ്രീ.ശിവകുമാർ.എ മാറ്റപ്പെടുന്ന ഒഴിവിൽ എന്നതിനു പകരം പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ ശ്രീമതി.അമല.എ.കെ സ്ഥലം മാറ്റപ്പെടുന്ന ഒഴിവിൽ എന്ന മാറ്റത്തോടെ മേൽ സൂചന (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ സൂചന (1) ഉത്തരവ് ഭേദഗതിയോടെ നിലനിൽക്കുന്നതാകുന്നു.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്,
ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (in charge)

പകർപ്പ്:-

1. പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ്, തൃത്താല
2. പ്രിൻസിപ്പാൾ, ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്
3. പ്രിൻസിപ്പാൾ, ഗവണ്മെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി
4. ഔദ്യോഗിക വെബ്സൈറ്റിലേയ്ക്ക്
5. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

/അംഗീകാരത്തോടെ/
സൂപ്രണ്ട്

പി.ജി : 28.05.2018

GOVERNMENT OF KERALA 2017-18

57896